# ദേശാഭിമാനി

## തേങ്ങയിടാൻ ഇനി ഹെൽപ്പ്ലൈനിൽ വിളിക്കാം

Posted on: 25-Sep-2013 11:16 PM



കൊല്ലം: തേങ്ങ തെങ്ങിൽ ഉണങ്ങിനിൽക്കുന്ന കാലത്തിന് വിരാമമിട്ട് തേങ്ങയിടാൻ ഹെൽപ്പ്ലൈൻ 9447303811 നമ്പരിൽ വിളിക്കാം. പിറ്റേദിവസം തേങ്ങയിടാൻ തെങ്ങിൻ ചുവട്ടിൽ ടെക്നീഷ്യൻ റെഡി. തെങ്ങിന്റെ ചങ്ങാതിക്കൂട്ടം അമ്പലംകുന്ന് യൂണിറ്റിലാണ് ജില്ലയിൽ എവിടെയും തേങ്ങയിടാൻ റെഡിയായ ടെക്നീഷ്യന്മാരുള്ളത്. തെങ്ങുകയറ്റ പരിശീലകൻ അനിലിന്റെ നേതൃത്വത്തിലുള്ള 35 അംഗ ടീം ആണ് ഇവര്. ഒരുദിവസം ഓരോ അംഗത്തിന്റെയും ദിവസവരുമാനം ചെലവും കഴിഞ്ഞ് ശരാശരി 1600 രൂപയാണ്. ചില ദിവസങ്ങളിൽ 2000 കഴിയും. മൂന്ന് ഓട്ടോറിക്ഷകളിലും ഇരുചക്രവാഹനങ്ങളിലുമായാണ് ഇവർ തേങ്ങയിടാൻ പോകുന്നത്. ദിവസവും 70 കി. മീറ്റർ വരെ സഞ്ചരിച്ച് ഇവർ തേങ്ങയിട്ടിട്ടുണ്ട്. ഒരു തെങ്ങിന് 20 രൂപ നിരക്കാണ് ഈടാക്കുന്നത്. സദാനന്ദപുരം കാർഷിക ഗവേഷണകേന്ദ്രത്തിൽനിന്ന് പരിശീലനവും തെങ്ങുകയറ്റ യന്ത്രവും ലഭിച്ച അനിലും സംഘവും തെങ്ങുകയറ്റ തൊഴിലാളിക്ഷാമം തീർക്കാൻ മറ്റുള്ളവർക്ക് പരിശീലനവും നൽകുന്നുണ്ട്. ഇവരിൽനിന്ന് പരിശീലനം ലഭിച്ച 300 പേർ ജില്ലയിലും മറ്റ് ജില്ലകളിലും പ്രവർത്തിക്കുന്നു. തളപ്പിട്ട് തെങ്ങുകയറുന്ന പരമ്പരാഗത തെങ്ങുകയറ്റ തൊഴിലാളികളുടെ തലമുറ അന്യംനിന്നുപോയപ്പോൾ കേരകർഷകർക്കുണ്ടായ കഷ്ടകാലമാണ് ഇപ്പോൾ യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നവരിലൂടെ മാറ്റുന്നത്.